# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വട്ടംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 10/208/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 10/208/2023 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2021 മുതൽ 23-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 17-11-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ, അബ്ദുൾ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൾ ഗഫൂർ.സി,ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ്.പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാജഹാൻ ഖുറൈഷി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൂസ.ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൊയ്തീൻ ഫാസിൽ. കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കഴുങ്കിൽ മജീദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്.പി.എൻ | സെക്രട്ടറി | 01-04-2021 | 05-03-2022 |
| ശ്രീമതി.അഞ്ജലി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2022 | 22-03-2022 |
| ശ്രീ.ജ്യോതിഷ് കുമാർ കെ.വി | സെക്രട്ടറി | 23-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മീനകുമാരി എൽ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-01-2022 |
| ശ്രീമതി.അഞ്ജലി. ജെ | അസിസ്റ്റന്റ് സെക്രട്ടറി | 06-01-2022 | 31-03-2022 |
| ശ്രീ.സന്തോഷ് കുമാർ എം.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.രാകേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.വി.കെ.പി.മോഹൻ കുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-05-2021 |
| ഡോ.സിനി സുകുമാരൻ | വെറ്ററിനറി സർജൻ | 01-06-2021 | 18-07-2021 |
| ഡോ.മനോജ് സി.ജെ | വെറ്ററിനറി സർജൻ | 19-07-2021 | 31-03-2022 |
| ഡോ.ഗായത്രീ രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സുചിത്ര. പി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 13-03-2022 |
| ഡോ.അമീന ഒ.കെ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 14-03-2022 | 31-03-2022 |
| ഡോ.റാണി കോമളം | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 12-12-2021 |
| ഡോ.ഇ.കെ.ഷീന | മെഡിക്കൽ ഓഫീസർ-ഹോമിയോ | 13-12-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് നസീം.ഇ.പി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജേഷ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീലേഖ | ഹെഡ്മിസ്ട്രസ്,ജി.ബി.എൽ.പി.എസ്. | 01-04-2021 | 31-03-2022 |
| ശ്രീമതി.കൃഷ്ണേന്ദു മോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | ഏസിആറും ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷികകണക്ക് പരിശോധന- അപാകതകൾ | 1-11 |
| 13 | രസീതി സൂക്ഷിപ്പിലെ അപാകതകൾ | 1-12 |
| 14 | വസ്തു നികുതി നിശ്ചയിച്ചതിൽ കുറവ് | 1-13 |
| 15 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 16 | തൊഴിൽ നികുതി കളക്ഷനിലെ അപാകതകൾ | 1-15 |
| 17 | പി.എച്ച്.സി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-16 |
| 18 | ക്വട്ടേഷൻ കൂടാതെ ലാപ് ടോപ് പർച്ചെയ്സ് ചെയ്തു | 1-17 |
| 19 | ഡയാലിസിസ് രോഗികൾക്ക് മരുന്ന്- അപാകത പരിഹരിക്കേണ്ടതാണ്. | 1-18 |
| 20 | ലാപ് ടോപിന് അധികം തുക നൽകിയത് തടസ്സം ചെയ്യുന്നു | 1-19 |
| 21 | ഭവനറിപ്പയർ- രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 22 | ലൈഫ് ഭവനപദ്ധതി - സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. | 1-21 |
| 23 | ഓട്ടോമാറ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയില്ല | 1-22 |
| 24 | വനിതകൾക്ക് യോഗ പരിശീലനം-തെരഞ്ഞെടുപ്പിലും നടത്തിപ്പിലും അപാകതകൾ | 1-23 |
| 25 | അതിജീവനം തൊഴിൽ സുരക്ഷ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 26 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് കട്ടിൽ വിതരണം ചെയ്തു | 1-25 |
| 27 | വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-26 |
| 28 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-27 |
| 29 | കണ്ടിജൻസി ചെലവുകൾ-അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-28 |

| | | |
|---|---|---|
| 30 | മരാമത്ത് പ്രവൃത്തിക്ക് നൽകിയ അധിക തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി. | 1-29 |
| 31 | മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-30 |
| 32 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-31 |
| 33 | ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 34 | വിവിധ സ്കൂളുകളിലെ അധിക നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ് | 1-33 |
| 35 | വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധന നടത്തേണ്ടതാണ് | 1-34 |
| 36 | വാർഡുകളിൽ കുടിവെള്ള വിതരണം -ചെലവ് തുക 2,86,819 രൂപ തടസ്സം ചെയ്യുന്നു. | 1-35 |
| 37 | തെരുവ് വിളക്ക് റിപ്പയർ, സ്ഥാപിക്കൽ പദ്ധതികളിലെ അപാകതകൾ | 1-36 |
| 38 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി- അപാകതകൾ | 1-36-1 |
| 39 | എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-36-2 |
| 40 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-36-3 |
| 41 | എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 42 | ഫെസ്റ്റിവൽ അഡ്വാൻസ് -രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/1 തിയ്യതി 17.2.21 | ഇല്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 12.08.22 | - | - |

സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27832486 |
| വരവ് | 124255169 |
| ആകെ | 152087655 |
| ചെലവ് | 115243813 |
| നീക്കിയിരിപ്പ് | 36843842 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17785253 | 17785253 | 17757035 | 28218 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11921697 | 11921697 | 11275712 | 645985 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 25078675 | 25078675 | 19646560 | 5432115 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6045176 | 6045176 | 5330462 | 714714 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 6294579 | 6294579 | 3981741 | 2312838 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 10652524 | 10652524 | 2955468 | 7697056 |
| ബി ഫണ്ട് | 0 | 80059120 | 80059120 | 80059120 | 0 |

### 1-4-1 ഏസിആറും ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഏസിആറും ഗ്രാന്റ് സ്റ്റേറ്റ്മെന്റും ചെലവിനത്തിൽതാഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | എസിആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 17757035 | 18366620 | 609585 |
| വികസന ഫണ്ട് എസ് സി പി | 11275712 | 11598379 | 3226667 |
| സി എഫ് സി ടൈഡ് | 2955468 | 2710321 | 245147 |

| | | | |
|---|---|---|---|
| സിഎഫ് സി അൺ ടൈഡ് | 3981741 | 3652276 | 329465 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 19646560 | 19572319 | 74241 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5330462 | 4962198 | 368264 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 168289956 | 176 | 75917786 | 0 | 58 | 75 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 26838 | 635610 | 662448 | 662448 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25455854 | 25455854 | 25455854 | 0 |
| ആകെ | 26838 | 26091464 | 26118302 | 26118302 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24720 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 3455000 | 221 |
| വിധവാപെൻഷൻ | 21560100 | 1392 |
| വാർദ്ധക്യകാലപെൻഷൻ | 46055700 | 3272 |
| വികലാംഗപെൻഷൻ | 6848000 | 445 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1625600 | 102 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.23 02:10 പി.എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10383 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ടിആർ 7 എ കാഷ്ബുക്കിലൂടെയല്ല ഇടപാടുകൾ രേഖപ്പെടുത്തുന്നത്. കാഷ്ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
2. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തുടർന്നുള്ള ഖണ്ഡികകളിൽ ഇക്കാര്യങ്ങൾ പരാമർശിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31-07-22 | 1-06-22മുതൽ 31-07-22 വരെ | 30.08.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-05-2008 മുതൽ 24.05.2008 വരെ | 2007-08 | 4.07.2008 |

## 1-11 വാർഷികകണക്ക് പരിശോധന- അപാകതകൾ

1 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം62 (ഇ) പ്രകാരമുള്ള അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2 കാഷ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3 എഎഫ്എസ് 40(b) പ്രകാരം താഴെ കാണുന്ന അക്കൗണ്ടിലെ ക്ലോസ്സിംഗ് ബാലൻസ് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | എഎഫ് എസ് പ്രകാരം | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| എസ്ബിഐഇപേയ്മെന്റ് | 526516 | 551520 |

4 താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക്ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| അക്കൗണ്ട് | എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് തുക |
|---|---|
| സാക്ഷരത | 8942 |
| എസ്എംജിബി പെൻഷൻ | 85347 |
| പിഎൻബിഎസ് .എസ്.എ | 512 |
| പിഎൻബി പ്ലാൻ | 8833 |
| എസ്എംജിബി ടിഎസ് സി | 318605 |
| കെജിബി ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 18483 |
| അലഹബാദ് ബാങ്ക് കെയുആർഡിഎഫ് സി | 492696 |
| കെജിബി പിഎഫ് എംഎസ് | 3257547 |

5 ബാലൻസ് ഷീറ്റ് B7 പ്രകാരം 1067565 രൂപ ഡെപ്പോസിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7 എഎഫ്എസ് പ്രകാരം വാടകയിനത്തിൽ 6000 രൂപ വരവുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8 എഎഫ്എസ് B4 പ്രകാരമുള്ള ഗ്രാന്റ് തുകകൾക്ക് പ്രത്യേക എസിആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9 ലൈഫ് ഭവനപദ്ധതി ലോൺ അടവാക്കൽ അവശേഷിക്കുന്ന തുക എഎഫ്എസ് B5 പ്രകാരം 20268598 രൂപയാണ്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10എഎഫ്എസ് B9 പ്രകാരം ലൈസൻസ് ഫീസ് 2022-23 വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷൻ 49000 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 346750 രൂപയാണ്. ട്രേഡേഴ്സ് തൊഴിൽ നികുതി എഎഫ്എസ് പ്രകാരം 370000 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 591300 രൂപയാണ്.

11 തൊഴിൽ നികുതി,വസ്തു നികുതി, പാരാമെഡിക്കൽ രജിസ്ട്രേഷൻ,ട്യൂട്ടോറിയൽ രജിസ്ട്രേഷൻ,ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.ആയതിനാൽ

കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

12 ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ടെണ്ടർഫോം വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

13 വിനോദ നികുതിയിനത്തിൽ ആർ പി 1 പ്രകാരം 265326 രൂപ വരവുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

14 സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.

15 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 രസീതി സൂക്ഷിപ്പിലെ അപാകതകൾ

വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ രസീതി ബുക്കുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 25442/30 രസീതി പ്രകാരം സുധീർ പുളിയങ്കോട്ടിൽ എന്ന വ്യക്തി 1210 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഡേ ബുക്കും കാഷ് ബുക്കും പരിശോധിച്ചപ്പോൾ ടി രസീതി പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് 910 രൂപയേ അടവാക്കിയിട്ടുള്ളൂ.

2. 25443/12 രസീതി പ്രകാരം സലീം സി.പി എന്ന വ്യക്തി 1710 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഡേ ബുക്കും കാഷ് ബുക്കും പരിശോധിച്ചപ്പോൾ ടി രസീതി പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് 1410 രൂപ മാത്രം അടവാക്കിയതായി കണ്ടു.

3. 25532/18 രസീതി പ്രകാരം മുഹമ്മദ് ഹനീഫ എന്ന വ്യക്തി 109 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഡേ ബുക്കും കാഷ് ബുക്കും പരിശോധിച്ചപ്പോൾ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതായി കണ്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20 തിയ്യതി 30.01.2023 ന് മറുപടിയായി അപാകതകൾ പരിഹരിച്ചതായി അറിയിച്ചു. എന്നാൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. ചെറിയ തുകകൾ ആണെങ്കിലും പണാപഹരണമാണ് മേൽ രസീതികളിൽ നടന്നിട്ടുള്ളത്. സ്ഥാപനത്തിൽ ഒടുക്കുന്ന തുകകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിൽ മേലധികാരിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിശ്ചയിച്ചതിൽ കുറവ്

വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. A5-7416/2021-തിയ്യതി14.07.2021 ബി.എ നമ്പർ പ്രകാരം രഘു കുട്ടത്ത് എന്ന വ്യക്തിയിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഫോം 6 പ്രകാരം ബിൽഡിംഗിന്റെ വിസ്തീർണ്ണം 236.74 സ്ക്വ.മീറ്റർ ആണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ ബിൽഡിംഗിന്റെ ബിൽറ്റ് അപ് ഏരിയ 239.84 സ്ക്വ.മീറ്റർ ആണ്. വിസ്തീർണ്ണത്തിൽ 3.1 സ്ക്വ.മീറ്ററിന്റെ വ്യത്യാസം കാണുന്നു.

2.A5-10341/2021 തിയ്യതി 04.10.2021 ബി.എ നമ്പർ പ്രകാരം സഞ്ജയ് രാമചന്ദ്ര മോഹിത്ത് എന്ന വ്യക്തിക്ക് 10.85 സ്ക്വ.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള പാർപ്പിടാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 100.63 സ്ക്വ.മീറ്റർ ആണെന്ന് കണ്ടു. എന്നാൽ 1277/A നമ്പർ അനുവദിച്ചിട്ടുള്ള ഈ കെട്ടിടത്തിന് 2015 രണ്ടാം അർദ്ധവർഷം മുതൽ 99.53 സ്ക്വ.മീറ്റർ വിസ്തീർണ്ണത്തിനുള്ള നികുതി മാത്രമേ ഈടാക്കുന്നുള്ളൂ. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/30.01.203 ന് നൽകിയ മറുപടി പ്രകാരം സഞ്ചയ ഡാറ്റാ ബെയ്സിൽ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും തുകയിലെ വ്യത്യാസം അടവാക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2021-22ലെ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷകൾ സമർപ്പിച്ചെങ്കിലും ആയതിൻമേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കുകയോ ഡി&ഒ ലൈസൻസ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | ലൈസൻസ് അപേക്ഷ നമ്പർ | സ്ഥാപനം/ഉടമയുടെ പേര് |
|---|---|---|
| 1 | 2593/05.02.2021 | ധീരജ് വി.സി, കൊറിയർ സർവ്വീസ് |

| | | |
|---|---|---|
| 2 | 2947/12.02.2021 | ഇബ്രാഹീം.പി.പി, സ്റ്റേഷനറി |
| 3 | 3500/23.02.2021 | മനോഹരൻ, ഭാഗ്യക്കുറി വിൽപ്പന |
| 4 | 3814/03.03.2021 | നിധിൻ.ടി.എസ്, കൂൾബാർ |
| 5 | 4235/04.03.2021 | അഷ്റഫ്.പി.പി, റെസ്റ്റോറന്റ് |
| 6 | 4687/17.03.2021 | അഷ്കർ.കെ, സ്പെയർ പാർട്സ് വിൽപന |

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചട്ടം 10 പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പുള്ള 30 ദിവസത്തിനകം പട്ടികII പ്രകാരമുള്ള ഫീസ് അടവാക്കി പുതുക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിനും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനിടയായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 തിയ്യതി 30.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി കളക്ഷനിലെ അപാകതകൾ

വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ താഴെ കൊടുത്ത അപാകതകൾ കണ്ടെത്തി.

1. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു. ഈ സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മാക്സ് വാല്യു കൺസൾട്ടൻസി സർവ്വീസ് | 2nd ഹാഫ് |
| 2 | മലയാളം ബെനഫിറ്റ് ഫണ്ട് | 1st ആന്റ് 2nd ഹാഫ് |
| 3 | ഇൻഡസ് മോട്ടോഴ്സ് പ്രൈവറ്റ് കമ്പനി ലിമിറ്റഡ് | 1st ഹാഫ് |
| 4 | ശുകപുരം കുറീസ്,വട്ടംകുളം | 1st ആന്റ് 2nd ഹാഫ് |
| 5 | റൈഹാൻ ഒപ്റ്റിക്കൽസ്,എടപ്പാൾ | 1st ഹാഫ് |
| 6 | അൽ ഹിന്ദ് ടൂർസ് ആന്റ് ട്രാവൽസ്,വട്ടംകുളം | 1st ആന്റ് 2nd ഹാഫ് |
| 7 | അക്കാദമി ഓഫ് അക്കൗണ്ടന്റ്,വട്ടംകുളം | 1st ആന്റ് 2nd ഹാഫ് |
| 8 | മോഡേൺ.എച്ച്.എസ്.എസ് പോട്ടൂർ | 1st ആന്റ് 2nd ഹാഫ് |
| 9 | മെർക്കന്റൈൻ ബാങ്ക്, എടപ്പാൾ | 2nd ഹാഫ് |
| 10 | ജിയോജിത് ഫിനാൻസ് സർവ്വീസ് , എടപ്പാൾ | 1stഹാഫ് |
| 11 | കാത്തലിക് സിറിയൻ ബാങ്ക്, എടപ്പാൾ | 2nd ഹാഫ് |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഒരു അർദ്ധ വർഷത്തെ ജീവനക്കാരുടെ വരുമാന വിവരം ഫോറം 1

മുഖേന ആവശ്യപ്പെടേണ്ടതാണ്. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം റിട്ടേൺ ഹാജരാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി – കുടിശ്ശിക അവശേഷിക്കുന്നു.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷം ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | വിക്ടറി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ഐ.ടി.ഐ | 1st ആന്റ് 2nd ഹാഫ് |
| 2 | ബി.എൻ.എസ്.എസ്.യു.പി.എസ്(അൺഎയ്ഡഡ്) വട്ടംകുളം | 1st ആന്റ് 2nd ഹാഫ് |
| 3 | ശ്രീ.വിവേകാനന്ദ വിദ്യാനികേതൻ,വട്ടംകുളം | 1st ആന്റ് 2nd ഹാഫ് |
| 4 | മലബാർ കോളേജ് ഓഫ് കൊമേഴ്സ് ആന്റ് സയൻസ്, മാണൂർ | 1st ആന്റ് 2nd ഹാഫ് |
| 5 | കാത്തലിക് സിറിയൻ ബാങ്ക്,ലഎടപ്പാൾ | 2nd ഹാഫ് |
| 6 | ധനലക്ഷ്മി ബാങ്ക് ,സലഎടപ്പാൾ | 1st ആന്റ് 2nd ഹാഫ് |

3. തൊഴിൽ നികുതി കുറവായി ഈടാക്കി

പഞ്ചാബ് നാഷനൽ ബാങ്കിലെ ഉദ്യോഗസ്ഥയായ ശ്രീമതി. രേവതിയുടെ വരുമാനം റിട്ടേൺ പ്രകാരം 111174/- രൂപയാണ്. ടി രേഖകൾ പ്രകാരം ടിയാൻ ഒരു അർദ്ധവർഷത്തിൽ 1000/- രൂപ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. എന്നാൽ 750/- രൂപയേ അടവാക്കിയിട്ടുള്ളൂ. മേൽ അപാകതകൾക്ക് വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/30.01.2023ക്ക് ടേബിൾ 2 ഒന്ന് മുതൽ 4 വരെയുള്ളവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആയതിനാലാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ സ്ഥാപനങ്ങൾ അൺ എയ്ഡഡ് സ്ഥാപനങ്ങളാണ്. കേരള പഞ്ചായത്ത് രാജ് ചട്ടം 6 പ്രകാരം സാമ്പത്തിക ക്രയവിക്രയം നടക്കുന്ന ഏതൊരു സ്ഥാപനവും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ടതാണ്. മേൽസ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 പി.എച്ച്.സി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ മരുന്ന്

വാങ്ങുന്നതിനായി KMSCLന് നൽകിയ നൽകിയ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജ. നമ്പർ,പേര് | : | അടങ്കൽ തുക (₹) |
|---|---|---|---|
| 1 | 4/2022-പാലിയേറ്റീവ് സൊസൈറ്റിയ്ക്ക് മരുന്ന് വാങ്ങൽ | : | 331521 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 2 | 2/2022-പരിരക്ഷ | | 700000/- (വികസന ഫണ്ട് പൊതു.)<br>60561/- (തനത് ഫണ്ട്) |

പദ്ധതി നമ്പർ 4/2022 ന് മരുന്ന് ലഭ്യമാക്കാൻ കെ.എം.എസ്.സി.എല്ലിന് പ്രൊഫോർമ ഇൻവോയ്സ് നമ്പർ 2782 തിയ്യതി 21.10.2021 പ്രകാരം 331521 രൂപയും പദ്ധതി നമ്പർ 2/2022 ന് മരുന്ന് ലഭ്യമാക്കാൻ കെ.എം.എസ്.സി.എല്ലിന് പ്രൊഫോമ ഇൻവോയ്സ് നമ്പർ 6204 തിയ്യതി 25.02.2022 പ്രകാരം 184500 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ആയതിന് മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.26/30.01.2023 പ്രകാരം അപാകത ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-17 ക്വട്ടേഷൻ കൂടാതെ ലാപ് ടോപ് പർച്ചെയ്സ് ചെയ്തു

പ്രൊജക്ട്: 177/22 (കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നും ഉപകരണങ്ങളും)

അടങ്കൽ : 1000000/-(തനത് ഫണ്ട്)
ബിൽ 287/8.7.21 – 343329

നിർവ്വഹണോദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മേൽ പദ്ധതിക്ക് വേണ്ടി ഇൻവോയ്സ് നമ്പർ 63/19.06.2021 പ്രകാരം 81000 /-രൂപ ചെലവഴിച്ച് അബാകസ് കംപ്യൂട്ടർ സെൽസ് ആന്റ് സർവ്വീസ്, എടപ്പാൾ എന്ന സ്ഥാപനത്തിൽ നിന്ന് 2 ലാപ്ടോപ്പും ബാഗും പർച്ചെയ്സ് ചെയ്തിട്ടുണ്ട്.(ലാപ്ടോപ്-39834*2=79668, ബാഗ്-665.5*2=1331). സി.പി.ആർ.സി.എസിൽ നിന്ന് ലാപ്ടോപ് വാങ്ങാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓപ്പൺ മാർക്കറ്റിൽ നിന്നുള്ള പർച്ചെയ്സിന്റെ ഭാഗമായി ക്വട്ടേഷൻ വിളിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനാനന്തരം ടി ലാപ്ടോപുകൾ ഉപയോഗമില്ലാതെ പി.എച്ച്.എന്നും ഹെൽത്ത് ഇൻസ്പെക്ടറും സബ്സ്റ്റോക്കിൽ വെച്ചിരിക്കയാണ്. ആയത് പ്രയോജനപ്പെടുത്തുന്നതിനോ ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുന്നതിനോ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.28 തിയ്യതി 30.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 ഡയാലിസിസ് രോഗികൾക്ക് മരുന്ന്- അപാകത പരിഹരിക്കേണ്ടതാണ്.

പ്രൊജക്ട് : 66/22 (ഡയാലിസിസ് രോഗികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ)

അടങ്കൽ : 650000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)
നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ്: 390784 രൂപ

| ബിൽ നം/തിയ്യതി | തുക | കാഷ് ഇൻവോയ്സ് നം/തിയ്യതി |
|---|---|---|
| BRN നമ്പർ : 2115125203510054 7876/23.10.2021 | 59626 | 14449/18.09.2021 |
| BRN നമ്പർ : 211512520351007511 02/06.12.2021 | 57108 | 2122221103117/12.11.2021 |
| BRN നമ്പർ : 2115125203510138 8396/20.03.2022 | 138529 | 2122221104206/03.02.2022 |
| BRN നമ്പർ : 2115125203510143 1406/23.03.2022 | 59249 | 2122221104859/23.03.2022 |
| BRN നമ്പർ: 2115125203510025 9785/03.08.2021 | 76272 | 6422/22.06.2021 |

ഡയാലിസിസ് രോഗികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങാനുള്ള മേൽ പദ്ധതി പ്രകാരം നീതി മെഡിക്കൽ സ്റ്റോർ എടപ്പാളിൽ നിന്നും വാങ്ങിയ മൂകളിൽ കൊടുത്ത ചെലവ് പ്രകാരമുള്ള മരുന്നുകളുടെ ഇഷ്യൂ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/30.01.2022 പ്രകാരം ടി രേഖകൾ ഹാജരാക്കിയപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

ഇഷ്യൂ രജിസ്റ്റർ പ്രകാരം മരുന്ന് വിതരണം ചെയ്ത പല ഗുണഭോക്താക്കളും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടവരല്ല.
വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | വിതരണം ചെയ്ത ഗുണഭോക്താവ് |
|---|---|---|
| 1 | അസിഡോസ് | ആമിനക്കുട്ടി |
| 2 | അസിഡോസ് | സായൂജ് |
| 3 | സിലാകാർ | അബൂബക്കർ |
| 4 | സിലാകാർ | ആമിനക്കുട്ടി |
| 5 | സിലാകാർ | ദിനേശ് പണിക്കർ |
| 6 | സിലാകാർ | ഹാരിസ് |

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 ലാപ് ടോപിന് അധികം തുക നൽകിയത് തടസ്സം ചെയ്യുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22-ൽ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം 19/22) 435664രൂപ ബിൽ നം.2115125202750058051/28.10.21 പ്രകാരം വികസന ഫണ്ട്(എസ്.സി.പി) നിന്നും പിൻവലിച്ച് 16 ലാപ് ടോപുകൾക്കായി (16x27229)കെൽട്രോണിന് നൽകിയിരുന്നു. (പ്രൊഫോർമ ഇൻവോയ്സ് നം TVM/ITBG/P1/RC/30303/20-21 Dt18.2.22 )എന്നാൽ പിന്നീട് 16 ലാപ് ടോപുകൾക്ക് പകരം 12 ലാപ് ടോപുകൾക്കായി (ഓർഡർ മാറ്റിയതിന്റെ കാരണം ഫയലിൽ നിന്ന് വ്യക്തമല്ല)പുതിയ പ്രൊഫോർമ ഇൻവോയ്സ് (നം.TVM/ITBG/P1/RC/40343/20-21 Dt2.8.22) ഹാജരാക്കുകയും ആയതിൽ 427284(12x35607) വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. Delivary Chalan No.05613/ITP/22-23Dt.25.10.22 പ്രകാരം 12 ലാപ് ടോപ്പുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഓർഡർ നൽകിയതിൽ 8380(435664-427284) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 8380 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (അധികം നൽകിയ തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.1/25.1.23)തുക കെൽട്രോണിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി) തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഭവനറിപ്പയർ- രേഖകൾ ഹാജരാക്കിയില്ല.

വി.ഇ.ഒ നിർവഹണം നടത്തിയ വീട് പുനരുദ്ധാരണം (എസ്‌സി) എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 12/21-22 വീട് പുനരുദ്ധാരണം എസ് സി |
| അടങ്കൽ | 2040000 വികസനഫണ്ട് എസ് സി പി<br>25000 തനത് ഫണ്ട് |
| ചെലവ് | 1267545 വികസന ഫണ്ട് എസ് സി പി |

മേൽ പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിലാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | വാർഡ് | അനുവദിച്ച തുക | ബിആർഎൻ നമ്പർ/ തിയതി |
|---|---|---|---|---|
| 1 | മിനി കെ<br>കണ്ടുമ്മൽ വീട്<br>ശുകപുരം | 9 | 35000 | 21151252034701526054/<br>30.3.22 |
| 2 | വള്ളി<br>തടത്തിൽ | 6 | 35000 | 21151252034701523347/<br>30.3.22 |

| | | | | |
|---|---|---|---|---|
| | വട്ടംകുളം | | | |
| 3 | നളിനി ഷാരിയേക്കൽ പറമ്പിൽ വട്ടംകുളം | 2 | 35000 | 21151252034701409277/ 22.3.22 |
| 4 | വിജയ മണ്ടകപ്പറമ്പിൽ വട്ടംകുളം | 5 | 35000 | 21151252034701204051/ 25.2.22 |
| 5 | ദേവകി തല്ലപറമ്പിൽ വട്ടംകുളം | 19 | 35000 | 21151252034700834147/ 23.12.21 |
| 6 | മുണ്ടി എണ്ണാഴിപ്പറമ്പിൽ വട്ടംകുളം | 7 | 35000 | 21151252034700756422/ 8.12.21 |
| | ആകെ | | 2,10,000 | |

2. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 11/28.1.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 2,10,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 ലൈഫ് ഭവനപദ്ധതി - സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

2021-22 വർഷത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | 213/21-22 | ലൈഫ് ഭവനപദ്ധതി പട്ടികജാതി(SO) | 80000 | വികസന ഫണ്ട് എസ് സി പി |
| 2 | 8/21-22 | ലൈഫ് ഭവനപദ്ധതി എസ് സി | 2831966 വികസനഫണ്ട് എസ് സി പി 2228034 ധനകാര്യ കമ്മീഷൻ അവാർഡ് | വികസന ഫണ്ട് എസ് സി പി ധനകാര്യ കമ്മീഷൻ അവാർഡ് |
| 3 | 7/21-22 | ലൈഫ് ഭവനപദ്ധതി ജനറൽ | 3120000 വികസന ഫണ്ട് 100000 സംസ്ഥാനാവിഷ്കൃത ഫണ്ട് 500000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | വികസനഫണ്ട് സംസ്ഥാനാവിഷ്കൃത ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലോൺ |

| | | | | |
|---|---|---|---|---|
| | | | 120000 ലോൺ | |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നവയുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കൾ കരാർ വെച്ചത് | ഭവനനിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിക്കാ-നുള്ളവരുടെ എണ്ണം |
|---|---|---|---|
| 213/21-22 ലൈഫ് ഭവനപദ്ധതി എസ് സി (So) | Nil | Nil | Nil |
| 8/21-22 ലൈഫ് ഭവനപദ്ധതി എസ് സി | 27 | 20 | 7 |
| 7/21-22 ലൈഫ് ഭവനപദ്ധതി ജനറൽ | 25 | 19 | 6 |

ലൈഫ് ഭവനപദ്ധതി സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ലൈഫ് ഭവനപദ്ധതി സംബന്ധിച്ച രജിസ്റ്ററുകൾ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
3. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-22 ഓട്ടോമാറ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22-ൽ ഓട്ടോമാറ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം 217/22) ടെണ്ടർ ക്ഷണിച്ചത് പ്രകാരം Kolar Mills PVT LTD. Malappuram എന്ന സ്ഥാപനം 408000 രൂപയുടെ(നികുതി കൂടാതെ) ടെണ്ടർ സമർപ്പിക്കുകയും ആയത് 31/08/2021 ലെ 1(2) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.ഉടർന്ന് സ്ഥാപനം 481440 രൂപ (408000+73440 GST)യുടെ Invoice ഹാജരാക്കുകയും (Invoice No.B2C/21-22/09214 Dt. 11.10.21)408000രൂപ ചെക്ക് നം 017068/3.122(കേന്ദ്രാവിഷ്കൃത ഫണ്ട്) സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.CGST Act ,2017 ലെ വകുപ്പ് 51(1) പ്രകാരം 2.5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് 2% TDS ഈടാക്കേണ്ടതാണെന്നിരിക്കെ അപ്രകാരം ഈടാക്കിയതായികാണുന്നില്ല. ടി.ഡി.എസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (2/25.1.23) ജി.എസ്.ടി കൂടാതെയുള്ള തുകയാണ് നൽകിയിട്ടുള്ളതെന്നും ടി.ഡി.എസ് ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-23 വനിതകൾക്ക് യോഗ പരിശീലനം-തെരഞ്ഞെടുപ്പിലും നടത്തിപ്പിലും അപാകതകൾ

പ്രൊജക്ട് : 65/22 (വനിതകൾക്ക് യോഗ പരിശീലനം)
അടങ്കൽ : 90000 (പൊതുവിഭാഗം സാധാരണവിഹിതം)
ചെലവ് : BRN നമ്പർ : 2115125203540141690 0/23.03.2022 തുക 90000/-

നിർവഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വനിതകൾക്ക് യോഗ പരിശീലനം നൽകാനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. യോഗ്യരായവരെ ഇന്റർവ്യൂ മുഖേന തെരഞ്ഞെടുക്കാതെ ടെണ്ടർ മുഖേനയാണ് മേൽ പദ്ധതിക്കാവശ്യമായ പരിശീലകയെ തെരഞ്ഞെടുത്തിട്ടുള്ളത്. ചുവടെ കൊടുത്തത് പ്രകാരമാണ് ടെണ്ടറുകൾ ലഭ്യമായത്

| ക്രമ. നം | ടെണ്ടറിൽ പങ്കെടുത്തവരുടെ പേര് | ടെണ്ടർ തുക |
|---|---|---|
| 1 | ഗ്രീന ചന്തപറമ്പിൽ | 49500 |
| 2 | ഡോ.ആതിര.കെ | 75000 |
| 3 | സുനിത വിനോദ് | 80000 |
| 4 | റമീല സലാം | 90000 |
| 5 | ഡോ.ആൻഡ്ഷി.ഇ.എ | 80000 |
| 6 | ചന്ദ്രലേഖ ഇ.ആർ | 95000 |
| 7 | ഐശ്വര്യ ഗംഗാധരൻ | 94500 |

ഗ്രീന ചന്തപറമ്പിൽ എന്ന വ്യക്തിയാണ് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്തതെന്നും ആയത് അംഗീകരിച്ച് കമ്മിറ്റി തീരുമാനം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ 6.9.21 ന് ഗ്രാമ പഞ്ചായത്തിന് കത്ത് നൽകി. 7.9.21 ലെ ഗ്രാമപഞ്ചായത്തിന്റെ 2/3 നമ്പർ തീരുമാനത്തിൽ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് യോഗം പരിശോധിക്കുകയും ആയത് വിശദമായി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ശുപാർയോട് കൂടി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. 10.9.21 ലെ 1/2 നമ്പർ ആയി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇപ്രകാരം തീരുമാനം എടുത്തതായി കാണുന്നു. "ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പ്രൊജക്ട് നം. 65/22 വനിതകൾക്ക് യോഗ പരിശീലനം കുറവ് നിരക്ക് രേഖപ്പെടുത്തിയ ഗ്രീന എന്നവരുടെ ക്വട്ടേഷൻ നിരക്ക് യോഗം വിശദമായി പരിശോധിച്ചു. ടി ആളുകൾക്ക് ഈ നിരക്കിൽ പരിശീലനം നടത്താൻ സാധിക്കില്ല എന്ന് യോഗം അഭിപ്രായപ്പെട്ടു. യോഗപരിശീലനം നടത്തുന്നതിന് മുൻപരിചയവും യോഗ്യതയും ഉള്ള റമീല സലാം കടുങ്ങാംകുന്നത്ത് എന്നവരുടെ 90000 രൂപയുടേത് അംഗീകരിക്കുന്നതിനും ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു. 12.10.21 ലെ 7/5- നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ശുപാർശ മറികടന്ന് കൊണ്ടുള്ള മേൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം അംഗീകരിക്കുകയും ആയത് പ്രകാരം അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ടെണ്ടർ അംഗീകരിക്കുന്നതിലും പദ്ധതി നടപ്പാക്കുന്നതിലും താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ തിയ്യതി 14.02.2018 ഖണ്ഡിക 7.5.5 പ്രകാരം യോഗ പരിശീലനം നൽകുന്നതിന് ഒരു സെഷന് 400- രൂപ പ്രകാരമേ അനുവദിക്കാവൂ. എന്നിരിക്കെ 90 സെഷനുകൾക്ക് 1000 രൂപ വീതം അനുവദിച്ചത് ക്രമപ്രകാരമല്ല.

2. യോഗ്യതയുള്ള പരിശീലകരെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പകരം സർക്കാർ അനുവദിച്ച നിരക്കിലും കൂടിയ നിരക്കിൽ ക്വട്ടേഷൻ വഴി തുക നിശ്ചയിച്ചിരിക്കുന്നു.

3. ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച അപേക്ഷകയെ ഒഴിവാക്കി അഞ്ചാമത്തെ കുറഞ്ഞ നിരക്കായ 90,000 രൂപയാണ് ഭരണസമിതി അംഗീകരിച്ചത്. പരിശീലകയായി നിശ്ചയിച്ച ശ്രീമതി. റമീല സലാം ഉൾപ്പെടെ അപേക്ഷകരാരും ടി പ്രവർത്തനത്തിന് യോഗ്യരാണെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖയും സമർപ്പിച്ചിട്ടില്ല.

4. യോഗ്യത തെളിയിക്കുന്നതോ മറ്റ് വിശദാംശങ്ങൾ ഒന്നും ലഭ്യമാകാതിരിക്കെ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച അപേക്ഷകക്ക് അവർ ക്വാട്ട് ചെയ്ത നിരക്കിൽ പരിശീലനം നൽകാൻ സാധിക്കില്ല എന്ന് വികസനകാര്യ സ്ഥിരം സമിതിയും ഭരണസമിതിയും തീരുമാനം കൈക്കൊണ്ടതിന് ആധികാരികമായി രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. (മറ്റു അപേക്ഷകൾ പരിഗണിക്കാതിരിക്കുന്നതിന് വസ്തുതാപരമായ കാരണങ്ങൾ ഒന്നും തന്നെ വിശദമാക്കിയിട്ടില്ല.)

5. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 162 എ (iii) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികസനം സംബന്ധിച്ച വിഷയങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയം ആണെന്നിരിക്കെ ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ശുപാർശ സമർപ്പിച്ചിരിക്കുന്നത്.

6. ലഭ്യമാക്കിയ രേഖകൾ പ്രകാരം 90 സെഷനുകളിലാണ് യോഗ പരിശീലനം നൽകിയിട്ടുള്ളത്. ആയതിന് അർഹമായ തുക 90*400= 36000 രൂപയാണ്. ആയത് പരിഗണിക്കാതെ 49500 രൂപയുടെ ടെണ്ടർ ശുപാർശ ചെയ്ത ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നടപടി കാരണവും രേഖകളുടെ പിൻബലമോ വസ്തുതാപരമായ കാരണമോ ഇല്ലാതെ 90,000 രൂപ അനുവദിക്കുന്നതിനുള്ള ഭരണസമിതി തീരുമാനവും കാരണം പ്രൊജക്ട് നിർവ്വഹണത്തിൽ 54,000 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ട തുക തിരിച്ചടവാക്കുകയും നടപടിക്രമങ്ങളിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി (നം.17 തിയ്യതി 30.01.2023 ) നൽകുകയും ഓഡിറ്റ് സമാപന യോഗത്തിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുകയും ചെയ്തെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. സർക്കാർ നിശ്ചയിച്ച നിരക്ക് അനുവദിക്കാതെ പ്രോജക്ട് നടപ്പിലാക്കിയത് കാരണമുണ്ടായ 54,000 രൂപയുടെ അധിക ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥ, തെറ്റായ തീരുമാനം എടുത്ത ഭരണസമിതി അംഗങ്ങൾ, വിയോജനം രേഖപ്പെടുത്താതിരുന്ന സെക്രട്ടറി എന്നിവർ ഉത്തരവാദിയാണെന്ന് വ്യക്തമാണ്. 54,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-24 അതിജീവനം തൊഴിൽ സുരക്ഷ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് : 62/22 (അതിജീവനം തൊഴിൽ സുരക്ഷ)
അടങ്കൽ : 125000 (പൊതുവിഭാഗം സാധാരണവിഹിതം)
34225 (തനത് ഫണ്ട്)
ചെലവ് : ബിൽ നമ്പർ 975/16.02.2022 തുക 34225/-
BRN നമ്പർ : 21151252035401416870/21.03.2022 തുക124993/-
നിർവഹണോദ്യോഗസ്ഥ: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

സ്ത്രീകൾക്ക് തൊഴിൽദായക, വരുമാനദായകമായ പരിശീലനം നൽകുന്നതിന് നടപ്പാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 3 മാസം കൊണ്ട് 50 പേർ വീതമുള്ള 3 ഗ്രൂപ്പിന് തയ്യൽ പരിശീലനം നൽകാനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 49 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉൾപെട്ടതെങ്കിലും അറ്റന്റൻസ് ലിസ്റ്റ് പ്രകാരം ജനവരി മാസത്തിൽ 30 പേരും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 50 പേരും പദ്ധതിയിൽ ഭാഗഭാക്കായിട്ടുള്ളതായി കാണുന്നു. ആയതിന് 275/8/22045തിയ്യതി 09.02.2022 ഇൻവോയ്സ് പ്രകാരം 34225/- രൂപ ചെലവഴിച്ച് കെ.എസ്.എസ്.സി.എഫ് ത്രിവേണി മെഗാമാർട്ട് എടപ്പാൾ ശാഖയിൽ നിന്നും 5 തയ്യൽ മെഷീനും 275/8/2694308.03.2022 ഇൻവോയ്സ് പ്രകാരം 24993/- രൂപ ചെലവഴിച്ച് ടി സ്ഥാപനത്തിൽ നിന്ന് തന്നെ കോട്ടൺ തുണിത്തരങ്ങളും പർച്ചെയ്സ് ചെയ്തിട്ടുണ്ട്. 25.10.2021 തിയ്യതിയിലെ 2/10 തീരുമാനവും 11.10.2021ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റി അംഗീകാരവുമനുസരിച്ചാണ് ക്വട്ടേഷൻ കൂടാതെ പർച്ചെയ്സ് നടത്തിയത്. എന്നാൽ ക്വട്ടേഷൻ കൂടാതെ മേൽ പർച്ചെയ്സ് നടത്തിയത് ക്രമ പ്രകാരമുള്ള നടപടിയല്ല.

34225/- രൂപ ചെലവഴിച്ച് പർച്ചെയ്സ് ചെയ്ത 5 തയ്യൽ മെഷീനും 90 ദിവസത്തെ പദ്ധതി പൂർത്തീകരണത്തിന് ശേഷം ഉപയോഗമില്ലാതെ മഹിളാമന്ദിരത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. തയ്യൽ മെഷീനുകൾ സ്റ്റോക്കിൽ എടുത്ത് ആസ്തി പരിപാലനത്തിലുള്ള മാർഗങ്ങൾ സ്വീകരിക്കാത്തത് ശരിയായ നടപടിയല്ല.

2. തയ്യൽ പരിശീലനത്തിന് ആവശ്യമായ പരിശീലകയെ നിശ്ചയിച്ചത് ടെണ്ടർ പ്രകാരമാണ്. താഴെ പറയും പ്രകാരമാണ് ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

| ക്രമ .നം | പരിശീലകയുടെ പേര് | ടെണ്ടർ തുക |
|---|---|---|
| 1 | റമീല സലാം | 70000/- |
| 2 | ശോഭന.ഇ.വി | 100000/- |
| 3 | ഷേർലി.വി.ബി | 100001/- |
| 4 | സുമിതസ്മിത | 100002/- |

ഏറ്റവും കുറഞ്ഞ 70000 രൂപയുടെ നിരക്ക് ക്വാട്ട് ചെയ്ത റമീല സലാമിനെ അംഗീകരിച്ചു കൊണ്ട് തീരുമാനം കൈക്കൊള്ളുന്നതിന് ശുപാർശ ചെയ്തു കൊണ്ട് 3.9.21 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ സെക്രട്ടറിക്ക് കത്ത് നൽകി.

3. 7.9.21 ലെ ഗ്രാമപഞ്ചായത്തിന്റെ 2/3 നമ്പർ തീരുമാനത്തിൽ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് യോഗം പരിശോധിക്കുകയും ആയത് വിശദമായി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ശുപാർയോട് കൂടി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. 10.9.21 ലെ 1/2 നമ്പർ ആയി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇപ്രകാരം തീരുമാനം എടുത്തതായി കാണുന്നു. "ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പ്രൊജക്ട് നം. 65/22 വനിതകൾക്ക് യോഗ പരിശീലനം കുറവ് നിരക്ക് രേഖപ്പെടുത്തിയ ഗ്രീന എന്നവരുടെ ക്വട്ടേഷൻ നിരക്ക് യോഗം വിശദമായി പരിശോധിച്ചു.ടി ആളുകൾക്ക് ഈ നിരക്കിൽ ടി പരിശീലനം നടത്താൻ സാധിക്കില്ല എന്ന് യോഗം അഭിപ്രായപ്പെട്ടു. യോഗപരിശീലനം നടത്തുന്നതിന് മുൻപരിചയവും യോഗ്യതയും ഉള്ള കുറവ് നിരക്ക് രേഖപ്പെടുത്തിയ റമീല സലാം ഒരു പദ്ധതി നടപ്പാക്കുന്നതിനാലും മുൻപരിചയവും യോഗ്യതയും ഉള്ള ശോഭന.ഇ.വി കാലടിത്തറ ശുകപുരം എന്നവരുടെ ക്വട്ടേഷൻ 100000 രൂപക്ക് അംഗീകരിച്ചു. ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു". 12.10.21 ലെ 7/4- നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ശുപാർശ മറികടന്ന് കൊണ്ടുള്ള വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽ തീരുമാനം അംഗീകരിക്കുകയും ആയത് പ്രകാരം അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റമീല സലാമിനെ തഴഞ്ഞ് 30,000 രൂപ കൂടുതൽ ക്വാട്ട് ചെയ്ത ശോഭന.ഇ.വിയെയാണ് പരിശീലകയായി നിശ്ചയിച്ചിട്ടുള്ളത്.മേൽ വ്യക്തി തയ്യൽ പരിശീലനം നൽകാൻ യോഗ്യയാണെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

4.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 162 എ (iii) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികസനം സംബന്ധിച്ച വിഷയങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയം ആണെന്നിരിക്കെ

ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ശുപാർശ സമർപ്പിച്ചിരിക്കുന്നത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത കാരണം ഉണ്ടായ നഷ്ട തുക 30,000 തിരിച്ചടവാക്കുകയും നടപടിക്രമങ്ങളിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് എൻക്വയറി (നം.18/30.1.23) നൽകുകയും ഓഡിറ്റ് സമാപന യോഗത്തിൽ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.
അധിക ചെലവുണ്ടായ 30,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥ, തെറ്റായ തീരുമാനം എടുത്ത ഭരണസമിതി അംഗങ്ങൾ, വിയോജനം രേഖപ്പെടുത്താതിരുന്ന സെക്രട്ടറി എന്നിവർ ഉത്തരവാദിയാണെന്ന് കാണുന്നു. 30,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് കട്ടിൽ വിതരണം ചെയ്തു

പ്രൊജക്ട് : 28/22 (വൃദ്ധർക്ക് കട്ടിൽ)
അടങ്കൽ : 395850 (പൊതുവിഭാഗം സാധാരണവിഹിതം)
ചെലവ്:BRN നമ്പർ : 21151252035400964934/18.01.2022 തുക395850/-
നിർവഹണോദ്യോഗസ്ഥൻ: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

മേൽ പദ്ധതി പ്രകാരം 4350 രൂപ നിരക്കിൽ ആകെ 395850 ചെലവഴിച്ച് സിഡ്കോയിൽ നിന്ന് 91 കട്ടിലുകൾ പർച്ചെയ്സ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ കട്ടിൽ കൊടുത്ത ഫാത്തിമ മുണ്ടേകാട്ടിൽ എന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയോ അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല.മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19 തിയ്യതി 30.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 4350 രൂപ തടസ്സം ചെയ്യുന്നു.

## 1-26 വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് KSEBയിൽ താഴെ പറയുന്ന തുകകൾ അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| എ. | പ്രൊജക്ട് : വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ<br>നം. S0021/2022 | | |
| 1 | 22100489/ 17-09-2021 | 10,285 | KSEBഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 2 | 22100490/ 17-09-2021 | 13,564 | KSEBഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 3 | 22100693/ 17-11-2021 | 11,667 | KSEB ഇലക്ട്രിക് സെക്ഷൻ, കണ്ടനകത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 4 | 22100838/ 03-01-2022 | 8,171 | KSEB ഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| 5 | 22100839/ 03-01-2022 | 25,085 | KSEB ഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 6 | 22100934/ 01-02-2022 | 43,375 | KSEB ഇലക്ട്രിക് സെക്ഷൻ, കണ്ടനകത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 7 | 22100996/24-02-2022 | 15,654 | KSEB ഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 8 | 22101069/ 15-03-2022 | 7287 | KSEB ഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 9 | 22101110/26-03-2022 | 22,613 | KSEBഇലക്ട്രിക് സെക്ഷൻ, കണ്ടനകത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| ബി. | 22100394/24-08-2021 | 41701 | KSEB ഇലക്ട്രിക് സെക്ഷൻ, എടപ്പാളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | 199402 | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,99,402 രൂപ തടസ്സം ചെയ്യുന്നു.

## 1-27 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21151252002100838127/ 24-12-2021 | പ്രൊജക്റ്റ് : പി.എം.എ.വൈ അധിക വിഹിതം -ജനറൽ<br>നം. S0030/2022 | 6,30,000 | പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 21151252002100891196/ 05-01-2022 | പ്രൊജക്റ്റ് : പി.എം.എ.വൈ അധിക വിഹിതം -പട്ടികജാതി<br>നം. S0032/2022 | 6,30,000 | പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള രശീതി, വിനിയോഗ |

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപത്രം |
| 3 | 21151252002101137111/ 16-02-2022 | പ്രൊജക്ട് നം. S0281/2022 ഡി.പി.ആർ.സി. കെട്ടിട നിർമ്മാണം- വിഹിതം നൽകൽ | 2,65,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 4 | 22100458/ 07-09-2021 | പെർഫോർമൻസ് ഓഡിറ്റ് യൂനിറ്റിന് പ്രവർത്തന ഫണ്ട് | 30,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 5 | 22100175/ 03-06-2021 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ- പി.എച്ച്.സി-ക്ക് കൈമാറിയത് | 1,90,000 | ചെലവ് രേഖകൾ, വാർഡ് കമ്മിറ്റികളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെൻറ് |
| 6 | 22100491/ 17-09-2021 | കണ്ടിജൻറ് ചെലവുകൾക്ക് മുൻകൂറായി അസിസ്റ്റൻറ് എഞ്ചിനീയർക്ക് നൽകിയ തുക | 45,000 | മുൻകൂർ ക്രമീകരിച്ചതിൻെറ രേഖകൾ |
| 7 | 22100990/ 22-02-2022 | കണ്ടിജൻറ് ചെലവുകൾക്ക് മുൻകൂറായി കൃഷി ഓഫീസർക്ക് നൽകിയ തുക | 25,000 | മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ |
| 8 | 22100232/ 30-06-2021 | കണ്ടിജൻറ് ചെലവുകൾക്ക് മുൻകൂറായി MO-GHD ക്ക് നൽകിയ തുക | 16,500 | മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ |
| 9 | 22100233/ 30-06-2021 | കണ്ടിജൻറ് ചെലവുകൾക്ക് മുൻകൂറായി വെറ്ററിനറി സർജന് നൽകിയ തുക | 50,000 | മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ |
| 10 | 22100496/ 17-09-2021 | പഞ്ചായത്ത് ഭവൻ ഫണ്ട്, വരിസംഖ്യ (19-20 : 6,000 ; 20-21 : 6,000 ; 21-22 : 25,000 ) | 37,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 11 | 22100579/ 13-10-2021 | വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂജല സർവ്വേ നടത്തുന്നതിന് GWD,മലപ്പുറത്തിന് നൽകിയ തുക | 12,210 | രശീതി, തുടർനടപടി വിവരം |
| 12 | 22100879/ 25-01-2022 22100946/ 07-02-2022 | വിവിധ ഫോറങ്ങൾ വാങ്ങിയതിന്റെ വില ഗ്രാമലക്ഷ്മി മുദ്രാലയത്തിന് | 1,24,926 47,638 | രശീതി |

| | | | | |
|---|---|---|---|---|
| | | നൽകിയത് | | |
| 13 | 22101082/ 20-03-2022 | കേരളാ ഒളിമ്പിക് അസോസിയേഷന് ധനസഹായം | 10,000 | രശീതി |
| | | ആകെ | 21,13,274 | |

രേഖകൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്( 16/30.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾപരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 21,13,274 രൂപ തടസ്സം ചെയ്യുന്നു.

## 1-28 കണ്ടിജൻസി ചെലവുകൾ-അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 22100358/10-08-2021 : 7,00,000

ജി.ഒ.(എം.എസ്)നം.22/2018/തസ്വഭവ/14-02-2018-ാം നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ് ടെലിഫോൺ, ഇന്റർനെറ്റ് ചാർജ് തുടങ്ങിയ കണ്ടിജൻസി ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകുന്നതിനനുസരിച്ച് ഇതിനാവശ്യമായ തുക നല്കേണ്ടതാണ്. എന്നാൽ കണ്ടിജൻസി ചെലവുകൾ കൂടാതെ, നിയമിച്ച താൽക്കാലിക ജീവനക്കാരുടെ ഒരു വർഷത്തേക്കുള്ള വേതനം കൂടി ഉൾപ്പെട്ട തുകയാണ് മേൽ വൗച്ചർ പ്രകാരം മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ക്ക് മുൻകൂറായി നൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി 30/31.1.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-29 മരാമത്ത് പ്രവൃത്തിക്ക് നൽകിയ അധിക തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി.

തൈക്കാട് പുളിയംകോട്ട് റോഡ് കോൺക്രീറ്റ് (125/22) എന്ന പ്രവൃത്തിയുടെ ഇനം 2 പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തത് യഥാർത്ഥത്തിൽ 38.61$m^3$ മാത്രമാണ്. എന്നാൽ അളവ് പുസ്തകത്തിൽ ഈ പ്രവൃത്തി 39.62$m^3$ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. അളവുകൾ കൂട്ടിയതിലെ അപാകത കാരണമാണ് അധിക തുക നൽകാനിടയായത്. ഓഡിറ്റ് എൻക്വയറി 3 /21-22/27.1.2023നൽകിയതിനെ തുടർന്ന് അധികം നൽകിയ 5504 രൂപ 1220109352/G101402 തീയ്യതി 30.1.2023 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി.

## 1-30 മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 132പദ്ധതികൾ തയ്യാറാക്കിയതിൽ 103 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 23 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 10 പദ്ധതി തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 132 | ആകെ അടങ്കൽ | 56925423 |
| നടപ്പിലാക്കിയത് | 103 | ചെലവ് | 21508531 |
| ശതമാനം | 78.03% | ചെലവ് ശതമാനം | 37.78% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

## 1-31 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ

ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 22100551/04-10-2021 : 15,416

ഹോണറേറിയം ഇനത്തിൽ മേൽ വൗച്ചർ പ്രകാരമുള്ള തുക 15,416 രൂപ ശ്രീമതി. കമലാക്ഷി ടി.പി, സാക്ഷരതാമിഷൻ പ്രേരകിന് നൽകിയിട്ടുണ്ട്. ആയത് ജി.ഒ.(ആർ.ടി) നം.626/LSGD/26-02-2021 ലെ നിർദ്ദേശ പ്രകാരം ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 വിവിധ സ്കൂളുകളിലെ അധിക നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ്

1. ഗ്രാമ പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| BNS NSS ഇംഗ്ലീഷ് മീഡിയം സ്കൂൾ, വട്ടംകുളം | 6/480 | $150M^2$ | $308.80M^2$ |
| SJVB സ്കൂൾ കുറ്റിപ്പാല | 7/237A | $143.97M^2$ | $369.94M^2$ |
| മോഡേൺ ഹയർ സെക്കന്ററി സ്കൂൾ, പോട്ടൂർ | 4/190<br>4/191<br>4/192<br>4/193<br>4/194 | $35M^2$<br>$30M^2$<br>$30M^2$<br>$30M^2$<br>$25M^2$<br>$150M^2$ | $1131.88M^2$ |

ഗ്രാമ പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്.

ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 4 /2021-22/27.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. (1).CPN UP സ്കൂൾ വട്ടംകുളം (2). AUP സ്കൂൾ നെല്ലിശ്ശേരി എന്നീ സ്കൂളുകളുടെ കെട്ടിട നമ്പർ, വിസ്തീർണ്ണം എന്നിവ ഗ്രാമ പഞ്ചായത്ത് രേഖകൾ പ്രകാരം എത്രയാണെന്ന് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 4 /2021-22 /27.1.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇല്ല എന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഡിറ്റിനെ വാക്കാൽ അറിയിച്ചിരുന്നു. ഇക്കാര്യം സോഫ്റ്റ്‌വെയർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധന നടത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിക്ക് 2021-22 വർഷത്തിൽ ഓരോ മാസവും ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 275 ടാപ്പുകൾക്കായി 1,26,340 രൂപ അടവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജല

അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. 9/28.1.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-35 വാർഡുകളിൽ കുടിവെള്ള വിതരണം -ചെലവ് തുക 2,86,819 രൂപ തടസ്സം ചെയ്യുന്നു.

വൗച്ചർ നം.22100314/28-07-2021 : 2,86,819

ജല ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 10-04-2021 മുതൽ 22-05-2021 വരെയുള്ള ദിവസങ്ങളിൽ 6,92,800 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് ലിറ്ററിന് 42 പൈസ നിരക്കിൽ 2,86,819 രൂപ കരാറുകാരനായ ശ്രീ. വിനീഷ്. എൻ, നെടുമ്പുറം എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 15.02.2021 ലെ സ.ഉ.(സാധാ) 446/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ട്രിപ്പ് ഷീറ്റ് അല്ല ലഭ്യമാക്കിയിട്ടുള്ളത്. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 ക്രമ നമ്പർ 9 പ്രകാരം ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ ശുദ്ധജല വിതരണ ബില്ലുകൾ അനുവദിച്ച് നൽകാൻ പാടുള്ളതല്ല. കൂടാതെ GPS ട്രിപ്പ് ഷീറ്റുകൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ എന്നിവർ കൂടി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇവയൊന്നുമില്ലാതെ കരാറുകാരന് തുക നൽകിയിരിക്കുന്നു.

2. വിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗ യോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

14/30.1.23 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,86,819 രൂപ തടസ്സം ചെയ്യുന്നു.

## 1-36 തെരുവ് വിളക്ക് റിപ്പയർ, സ്ഥാപിക്കൽ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയർ, സ്ഥാപിക്കൽ പദ്ധതികളിലെ അപാകതകൾ ഉപ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-36-1 തെരുവ് വിളക്ക് റിപ്പയർ പദ്ധതി- അപാകതകൾ

പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ
നം : S0175/2022
അടങ്കൽ - 3,50,000 (F.C.award )
വൗച്ചർ നം.2211051/08-03-2022 : 3,39,500

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 3,39,500 രൂപ ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടിക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിലവിൽ കത്താത്ത വിളക്കുകൾ മാറ്റി എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിക്കേണ്ടത് എന്ന് ടെണ്ടർ നോട്ടീസിലും, കരാറിലും വ്യക്തമാക്കിയിട്ടില്ല. കരാറുകാരൻ ലഭ്യമാക്കിയ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. KCWWF ഇനത്തിൽ 1% തുക ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

6. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000 രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ഇപ്രകാരം 17,500 രൂപ ഈടാക്കേണ്ടതിന് പകരം 10,500 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

7. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം, ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും

ലഭ്യമാക്കിയിട്ടില്ല.
7/28.1.23 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് റിപ്പയർ പ്രവൃത്തിയിൽ കേടു പാടുകൾ തീർക്കേണ്ടതും ബൾബ് മാറ്റേണ്ടതും പ്രത്യേകം പരിശോധിച്ചില്ല എന്നും തുടർന്ന് അപാതകതകൾ ഇല്ലാതെ ശ്രദ്ധിക്കുമെന്നും അറിയിച്ചു. KCWWF, പെർഫോമൻസ് ഗ്യാരണ്ടി തുക ഈടാക്കുമെന്നും കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കുമെന്നും അറിയിച്ചു. അപാകതകൾ പൂർണ്ണമായി പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36-2 എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രൊജക്ട് : എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ
നം : S0170/2022
അടങ്കൽ - 4,90,000 (F.C.award )
വൗച്ചർ നം.2211119/08-03-2022 : 4,62,496

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,62,496 രൂപ ബ്രൈറ്റ് ഇലക്ട്രോണിക്സ്, കുററനാടിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. 30W തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ താഴെ കാണുന്ന നിരക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത് -

ബ്രൈറ്റ് ഇലക്ട്രോണിക്സ്, കൂറ്റനാട് - 1,193

ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടി - 969

എഫ്.ജി. ഗ്രൂപ്പ്, കൊണ്ടോട്ടി - 1,069

30W തെരുവ് വിളക്കാണ് സ്ഥാപിക്കേണ്ടത് എന്ന് ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിരുന്നെങ്കിലും ഗവ.എഞ്ചിനീയറിംഗ് കോളേജ്, പാലക്കാടിൽ നിന്നുള്ള 36W വിളക്കിന്റെ ടെസ്റ്റ് റിപ്പോർട്ടാണ് ബ്രൈറ്റ് ഇലക്ട്രോണിക്സ്, കൂറ്റനാട് EE/T/2021 /004/08-09-2021 പ്രകാരം ഹാജരാക്കിയിട്ടുള്ളത്.

ടെണ്ടർ പ്രകാരമുള്ള 30W വിളക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമാണ് എന്ന NIT കോഴിക്കോട് നിന്നുള്ള ടെസ്റ്റ് റിപ്പോർട്ട് ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടിയുടെ വിളക്കുകൾ പരിശോധനയിൽ ഗുണമേന്മ ഇല്ലാത്തതും, വെള്ളം എളുപ്പത്തിൽ കയറി കേടുപാടുകൾ സംഭവിക്കും എന്ന് അഭിപ്രായപ്പെട്ട് ഭരണസമിതി 12-10-2021ലെ 7(1)-ാം നമ്പർ പ്രകാരം ബ്രൈറ്റ് ഇലക്ട്രോണിക്സ്, കൂറ്റനാടിന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തത്. വിളക്കുകളുടെ ഗുണമേൻമ പരിശോധിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനല്ല ഇക്കാര്യം തീരുമാനിച്ചിട്ടുള്ളത്.

2. ഗ്രാമ പഞ്ചായത്ത് നേരിട്ട് ഗവ.എഞ്ചിനീയറിംഗ് കോളേജ്, പാലക്കാടിന് അയച്ച് നൽകിയ CEMA കമ്പനിയുടെ (ബ്രൈറ്റ് ഇലക്ട്രോണിക്സ്, കൂറ്റനാട് ലഭ്യമാക്കിയ സാമ്പിൾ) ടെസ്റ്റ് റിപ്പോർട്ട് ഫയലിലുണ്ട്. എന്നാൽ ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടി ലഭ്യമാക്കിയ BAJAJ കമ്പനിയുടെ സാമ്പിൾ ഇപ്രകാരം ടെസ്റ്റിംഗിന് അയച്ചിട്ടില്ല.

3. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 400 വിളക്കുകളുടെ സൂപ്പർവിഷൻ ചാർജ്ജിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കണം എന്ന് A4/1838 /21/14-12-2021-ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന് DB-ES/EDL/21-22/101/16-12-2021-ാം നമ്പർ ഡിമാൻറ് നോട്ടീസ് ലഭ്യമായത് പ്രകാരം 9,924 രൂപ KSEBയിൽ അടവാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

4. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. KCWWF ഇനത്തിൽ 1% തുക ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

6. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000 രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ഇപ്രകാരം 24,500 രൂപ ഈടാക്കേണ്ടതിന് പകരം 14,700 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.
മുൻകാല പ്രവർത്തനങ്ങളുടേയും ഗുണമേന്മയുടേയും അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതി അപ്രകാരം തീരുമാനമെടുത്തതെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണ് എന്നും 4/27.1.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-36-3 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രൊജക്ട് : തെരുവ് വിളക്ക് സ്ഥാപിക്കൽ
നം : S0188/2022

അടങ്കൽ - 3,55,835 (തനത് ഫണ്ട്)

വൗച്ചർ നം.2211119/08-03-2022 : 3,42,535

BRN : 20151252002101399894/27-03-2021 : 1,34,665 (20-21)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം രണ്ട് വർഷങ്ങളിലായി 4,77,200 രൂപ ബ്രൈറ്റ് ഇലക്ട്രോണിക്സ്, കുറ്റനാടിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. 30W തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ താഴെ കാണുന്ന നിരക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത് -

ബ്രൈറ്റ് ഇലക്ട്രോണിക്സ്, കുറ്റനാട് - 1,193

ട്രാൻസ്റ്റോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊച്ചി - 820

സ്റ്റൈൽ ഏജൻസീസ്, കുറ്റനാട് - 960

ടെസ്റ്റ് റിപ്പോർട്ട് ഇല്ല, സാമ്പിൾ ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങൾ രേഖപ്പെടുത്തിയാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രണ്ട് സ്ഥാപനങ്ങളേയും ഒഴിവാക്കിയത്. ടെണ്ടർ നോട്ടീസിൽ ഇത് നിബന്ധനയായി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറിന് ശേഷം ഈ സ്ഥാപനങ്ങളോട് ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുമില്ല.

30W തെരുവ് വിളക്കാണ് സ്ഥാപിക്കേണ്ടത് എന്ന് ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിരുന്നെങ്കിലും 36W വിളക്കിന്റെ ടെസ്റ്റ് റിപ്പോർട്ട് ഗവ.എഞ്ചിനീയറിംഗ് കോളേജ്, പാലക്കാടിൽ നിന്നും ഹാജരാക്കിയ, ഏറ്റവും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത ബ്രൈറ്റ് ഇലക്ട്രോണിക്സ്, കുറ്റനാടിനെയാണ് തെരഞ്ഞെടുത്തത്.

3. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവു വിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. KCWWF ഇനത്തിൽ 1% തുക ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

6. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000 രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ഇപ്രകാരം 23,860 രൂപ ഈടാക്കേണ്ടതിന് പകരം 12,263 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് 3/27.1.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

## 1-37 എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം എസ്.എസ്.എ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S0015/2022

അടങ്കൽ - 7,00,000 (വികസന ഫണ്ട് )

BRN: 21151252002100266633/04-08-2021 : 7,00,000

2. പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S0017/2022

അടങ്കൽ - 7,00,000 (വികസന ഫണ്ട് -SCP)

BRN: 21151252002100266636/04-08-2021 : 7,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 14,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 14,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. എൻക്വയറി 8/28.1.23 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-38 ഫെസ്റ്റിവൽ അഡ്വാൻസ് -രേഖകൾ ലഭ്യമാക്കേണ്ടതാണ്

1. ആറ് ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22100379/16-08-2021-ാം നമ്പർ വൗച്ചർ പ്രകാരം 85,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ.സജീഷ് വി, സീനിയർ ക്ലർക്ക് | 15,000 | 6,000 | 9,000 |

2. താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത ഫെസ്റ്റിവൽ അഡ്വാൻസ് തുകകൾ അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ച് കൊടുക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | വൗച്ചർ നം. | തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1. | ശ്രീ. രാജൻ പി, ക്ലർക്ക് | 22100601/ 23-10-2021 | 10,000 | തിരുവാലി |
| 2. | ശ്രീ. രാഹുൽ , ക്ലർക്ക് | 22101044/08-03-2022 | 12,000 | പെരുമ്പടപ്പ് |

രേഖകൾ ലഭ്യമാക്കേണ്ടതാണ്.എൻക്വയറി 15/30.1.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 24.01.2023 മുതൽ 31.01.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | 350000 | 64/22 ഭിന്നശേഷി സ്കോളർഷിപ്പ് | 3,50,000 | 0 |

| | | | | |
|---|---|---|---|---|
| -ടി- | 892500 | 67/22 നിറവ്- നെൽകൃഷി | 892500 | 0 |
| -ടി- | 175000 | 59/22 ക്ഷീര സബ്സിഡി | 175000 | 0 |
| -ടി- | 500000 | 7/22 ലൈഫ് ഭവന പദ്ധതി | 500000 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 150000 | 59/22 ക്ഷീര സബ്സിഡി | 150000 | 0 |
| -ടി- | 1232500 | 67/22 നിറവ്- നെൽകൃഷി | 1232500 | 0 |
| -ടി- | 593714 | 64/22 ഭിന്നശേഷി സ്കോളർഷിപ്പ് | 593714 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. | മുൻക്കൂർ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ So21/22 | 22100489/17-9-21 | 10285 | 0 | ലഭ്യമല്ല | 10285 |
| | | 22100490/17-9-21 | 13564 | 0 | „ | 13564 |
| | | 22100693/17-11-21 | 11667 | 0 | „ | 11667 |
| | | 22100838/3-1-22 | 8171 | 0 | „ | 8171 |
| | | 22100839/3-1-22 | 25085 | 0 | „ | 25085 |
| | | 22100934/1-2-22 | 43375 | 0 | „ | 43375 |
| | | 22100996/24-2-22 | 15654 | 0 | „ | 15654 |
| | | 22101069/15-3-22 | 7287 | 0 | „ | 7287 |
| | | 22101110/26-3-22 | 22613 | 0 | „ | 22613 |
| | | 22100394/24-8-21 | 41701 | 0 | „ | 41701 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി- | 772/17/LSGD Dt 18.03.17 | 1,20,000 | 17217539 | 2112000 | 0 | 15225539 |
| KURDFC | ലഭ്യമല്ല | 0 | 5043059 | 0 | 0 | 5043059 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ /തിയതി |
|---|---|---|---|---|
| 2013-14 | 2-2 | 2500 | മാനേജർ അൽഹിന്ദ് ട്രാവൽസ് | 121010110826 10.1.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1994-96 | 16 | 2000-01 | വിനോദനികുതി പിരിച്ചതിൽ കുറവ് | നടപടി തുടരുന്നു |
| 1994-96 | 22 | 2000-01 | സോഡിയം വേപ്പർ ലാമ്പ് നഷ്ടം | നടപടി തുടരുന്നു |
| 2011-12,12-13 | 3-1 | 2014-15 | നിഷ്ക്രിയ ആസ്തികൾ അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2-1,2-2 | 2016-17 | വസ്തു നികുതി,തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2015-16 | 2-2 | 2016-17 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2005-06 | 2-2 | വാസു കൊല്ലത്തേരി | LF8591/SPL.CELL /SC.D1/2012 Dated25.02.15 | 8236 | തടസ്സം തുടരുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124255169 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 115243813 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,06,225 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 8380 | ശ്രീമതി മീനാകുമാരി എൽ ജി , |

| | | |
|---|---|---|
| | | അസി. സെക്രട്ടറി |
| 1-20 | 210000 | ശ്രീ രാകേഷ് കുമാർ. ,വി ഇ ഒ |
| 1-23 | 54000 | ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ |
| 1-24 | 30000 | ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ |
| 1-25 | 4350 | ശ്രീമതി.കൃഷ്ണേന്ദു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 199402 | ശ്രീ മനോജ് പി എൻ, സെക്രട്ടറി |
| 1-27 | 2113274 | ശ്രീ മനോജ് പി എൻ, സെക്രട്ടറി |
| 1-35 | 286819 | ശ്രീ മനോജ് പി എൻ, സെക്രട്ടറി |
| ആകെ | 2906225 | |

ഖണ്ഡിക 1-23, 1-24 എന്നിവക്ക് ഉത്തരവാദിയായവരുടെ വിവരം ചുവടെ ചേർക്കുന്നു.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1.ശ്രീമതി. കൃഷ്ണേന്ദു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പുത്തൻപുരക്കൽ,കാലടി.പി.ഒ, മലപ്പുറം ജില്ല, 679582 |
| 2. ശ്രീ.മനോജ് പി.എൻ, സെക്രട്ടറി | സെക്രട്ടറി, വടക്കേകാട് ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ ജില്ല. | പുന്നോപറമ്പിൽ, പോട്ടൂർ.പി.ഒ, തൃശ്ശൂർ ജില്ല |
| 3.ശ്രീ.മൻസൂർ മരയങ്ങാട്ട്, മെമ്പർ | മെമ്പർ, വാർഡ് 1, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 4.ശ്രീമതി.ശാന്ത മാധവൻ,മെമ്പർ | മെമ്പർ, വാർഡ് 2, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 5.ശ്രീമതി.ശ്രീജ പാറക്കൽ,മെമ്പർ | മെമ്പർ, വാർഡ് 3, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 6.ശ്രീമതി. ഹാജറ .കെ.പി , മെമ്പർ | മെമ്പർ, വാർഡ് 4, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 7. ശ്രീ.പി.സുധാകരൻ,മെമ്പർ | മെമ്പർ, വാർഡ് 6, വട്ടംകുളം ഗ്രാമപഞ്ചായത്ത്,മലപ്പുറം ജില്ല. | |
| 8.ശ്രീമതി.അനിത.വി.പി,മെമ്പർ | മെമ്പർ, വാർഡ് 7, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 9.ശ്രീമതി.സി.വി.ദീപ | മെമ്പർ, വാർഡ് 8, | |

| | | |
|---|---|---|
| മണികണ്ഠൻ,മെമ്പർ | വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 10.ശ്രീ.ഹസൈനാർ.എം.വി,മെമ്പർ | മെമ്പർ, വാർഡ് 9, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 11.ശ്രീമതി.ഫസീല സജീബ്.ടി.എച്ച്,മെമ്പർ | മെമ്പർ, വാർഡ് 10, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 12.ശ്രീ.അബ്ദുൾ മജീദ്,മെമ്പർ | മെമ്പർ, വാർഡ് 11, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 13.ശ്രീമതി.കെ.പി.റാബിയ,മെമ്പർ | മെമ്പർ, വാർഡ് 12, വട്ടംകുളം ഗ്രാമപഞ്ചായത്ത്,മലപ്പുറം ജില്ല. | |
| 14.ശ്രീ.യു.പി.പുരുഷോത്തമൻ,മെമ്പർ | മെമ്പർ, വാർഡ് 14, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 15.ശ്രീ.എം.എ.നജീബ്,മെമ്പർ | മെമ്പർ, വാർഡ് 15, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 16.ശ്രീ.പി.വി.ഉണ്ണികൃഷ്ണൻ,മെമ്പർ | മെമ്പർ, വാർഡ് 16, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 17.ശ്രീ.അക്ബർ പനച്ചിക്കൽ,മെമ്പർ | മെമ്പർ, വാർഡ് 17, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 18.ശ്രീ.ദിലീപ്എരുവപ്ര,മെമ്പർ | മെമ്പർ, വാർഡ് 18, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |
| 19.ശ്രീമതി. ഷീജ(ബിന്ദു), മെമ്പർ | മെമ്പർ, വാർഡ് 19, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 (ചെലവ്) | കെ.എസ്.എ.എം.പി.എം10/2290 /2019(1) 18-11-2020 | 3 |
| 2 | 1999-00 | കെ.എസ്.എ.എം.പി.എം10/2290 /2019(2) 2-12-2020 | 2 |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം10/2290 /2019(3) 3-12-2020 | 4 |
| 4 | 2005-06 | കെ.എസ്.എ.എം.പി.എം10/2290 /2019(6) 3-12-2020 | 7 |
| 5 | 2006-07 | കെ.എസ്.എ.എം.പി.എം10/2517 /2019(1) 5-12-2020 | 2 |
| 6 | 2007-08 | കെ.എസ്.എ.എം.പി.എം10/2517 /2019(2) 8-12-2020 | 14 |
| 7 | 2008-09 | കെ.എസ്.എ.എം.പി.എം10/2517 /2019(3) 8-12-2020 | 2 |
| 8 | 2009-10 | കെ.എസ്.എ.എം.പി.എം10/2517 /2019(4) 8-12-2020 | 10 |
| 9 | 2010-11 | എൽ.എഫ്.എം17/1727/13 / 17-3-14 | 20 |
| 10 | 2011-12 , 2012-13 | എൽ.എഫ്.എം17/374/15/13-7-15 | 20 |
| 11 | 2013-14,14-15 | കെ.എസ്.എ.എം.പി.എം17/2100 /2016, 20-07-17 | 18 |
| 12 | 2015-16 | കെ.എസ്.എ.എം.പി.എം17/20/2017, 26-3-18 | 22 |
| 12 | 2016-17 | കെ.എസ്.എ.എം.പി.എം10/127/19 തീയതി 03-03-2019 | 26 |
| 13 | 2017-18 | കെ.എസ്.എ.എം.പി.എം.10/418/2019 തീയതി 12.7.19 | 22 |
| 14 | 2018-19 | കെ.എസ്.എ.എം.പി.എം.10/2323 /2019, 11.10.2019 | 19 |
| 15 | 2019-20 | കെ.എസ്.എ.എം.പി.എം.10/2163 /2021/3-5-22 | 11 |
| 16 | 2020-21 | കെ.എസ്.എ.എം.പി.എം.10/2164 /2021/5-7-22 | 11 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്